Mathrubhumi മാതൃഭൂമി 25 December 2021

# കൂടുമത്സ്യകൃഷിയിൽ മികച്ച നേട്ടം

കൊച്ചി ▸ ക്രിസ്മസ്-പുതുവത്സര ആഘോഷത്തോടനുബന്ധിച്ച് നെട്ടൂർ, ഏഴിക്കര എന്നിവിടങ്ങളിൽ നടന്ന കൂടുമത്സ്യകൃഷി വിളവെടുപ്പിൽ മികച്ച നേട്ടം. കരിമീൻ, നാടൻ തിലോപ്പിയ എന്നീ മത്സ്യങ്ങളാണ് വിളവെടുത്തത്.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) നേതൃത്വത്തിലായിരുന്നു കൃഷി. സി.എം.എഫ്.ആർ.ഐ.യുടെ ട്രൈബൽ സബ് പ്ലാൻ പദ്ധതിക്ക് കീഴിൽ നെട്ടൂരിലെ തണ്ടാശ്ശേരി ട്രൈബൽ കോളനിയിലെ 22 പട്ടിക വിഭാഗ കുടുംബങ്ങളെ പങ്കാളികളാക്കി നടന്ന മത്സ്യകൃഷിയിൽ നാല് കൂടുകളിൽ നിന്നായി 600 കിലോ കരിമീനും 1300 കിലോ തിലോപ്പിയയും വിളവെടുത്തു. ഡോ. കെ. മധു, ഡോ. രമ മധു, എൻ. രാജേഷ് എന്നിവരടങ്ങുന്ന സി.എം.എഫ്.ആർ.ഐ.യിലെ ഗവേഷക സംഘമാണ് നേതൃത്വം നൽകിയത്.



▶ നെട്ടൂരിലെ തണ്ടാശ്ശേരി ട്രൈബൽ കോളനിയിലെ 22 പട്ടിക വിഭാഗ കുടുംബങ്ങളെ പങ്കാളികളാക്കി സി.എം.എഫ്.ആർ.ഐ. നടത്തിയ കൂടുമത്സ്യകൃഷി വിളവെടുപ്പ് നടത്തിയപ്പോൾ